LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികളുടെ നിലവിലുള്ള മിനിമം കൂലി എത്രയാണ്;

(ബി) സ്ത്രീത്തൊഴിലാകളിൾക്കും പുരുഷതൊഴിലാളികൾക്കും വ്യത്യസ്തകൂലി നൽകുന്ന ഏർപ്പാട് നിലവിലുണ്ടോ;

(സി) എങ്കിൽ ഈ ഏർപ്പാട് അവസാനിപ്പിക്കുമോ?

ഉത്തരം

(എ) കിള, ചുമട്, ബണ്ട്പണി, ചെളിക്കുത്ത്, വരമ്പുവെട്ട് എന്നിങ്ങനെയുള്ള കാഠിന്യമേറിയ കാർഷികവൃത്തിക്ക് 40 രൂപ 20 പൈസയും, കളയെടുപ്പ്, പായൽ വാർ, നടീൽ, വിത്തിടീൽ എന്നിങ്ങനെയുള്ള കാഠിന്യം കുറഞ്ഞ കാർഷികവൃത്തിയ്ക്ക് 30 രൂപയും; കർഷകത്തൊഴിലാളികളുടെ കന്നിനെക്കൊണ്ട് ഉഴുന്നതിന് (4 മണിക്കൂർ) 60 രൂപയും കൃഷിക്കാരന്റെ കന്നിനെക്കൊണ്ട് ഉഴുന്നതിന് 40 രൂപ 20 പൈസയുമാണ് നിലവിലുള്ള മിനിമം കൂലി.

(ബി)&(സി) ഉണ്ട്. കർഷകത്തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 31.3.92.-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാരണ) നം.850/92/തൊഴിൽ നം. ഉത്തരവിൽ പുരുഷന്മാർ സാധാരണ ചെയ്തുവരുന്ന അദ്ധ്വാനഭാരമേറിയ ജോലിക്ക്, സ്ത്രീകൾ സാധാരണ ചെയ്തുവരുന്ന അദ്ധ്വാനഭാരം കുറഞ്ഞ ജോലിക്ക് എന്ന് കാണിച്ചിരുന്നത്. 11-2-1994-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാരണ) 379/94/തൊഴിൽ നമ്പരായുള്ള ഉത്തരവിൽ കിള, ചുമട്, ബണ്ട്പണി, ചെളിക്കുത്ത്, വരമ്പുവെട്ട് എന്നിങ്ങനെയുള്ള കാഠിന്യമേറിയ കാർഷികവൃത്തിയ്ക്ക്, കളയെടുപ്പ്, പായൽവാരൽ, നടീൽ, വിത്തിടീൽ എന്നിങ്ങനെയുള്ള കാഠിന്യം കുറഞ്ഞ കാർഷികവൃത്തിക്ക് എന്ന രീതിയിൽ ഭേദഗതിവരുത്തിയിട്ടുണ്ട്.

ഈ വ്യത്യാസത്തിന്റേതായ സംവിധാനം ഇല്ലാതാക്കാൻ പ്രയാസമാണ്. 1976-ലെ തുല്യവേതനനിയമത്തിലെ സെക്ഷൻ 2 (എച്ച്) പ്രകാരം തുല്യമായ ജോലി എന്ന് നിർവചിച്ചിരിക്കുന്നത് "ഒരേ തരത്തിലുള്ള ജോലി ചെയ്യുന്നതിനുള്ള വൈദഗ്ദ്യം, പ്രയത്നം, ഉത്തരവാദിത്വം എന്നിവ ഒരേ തരത്തിലുള്ള ജോലി ചെയ്യേണ്ടതായ സാഹചര്യങ്ങളിൽ ഒന്നാണെങ്കിൽ" എന്നാണ് അപ്രകാരമാണെങ്കിൽ മാത്രമേ തുല്യജോലിക്ക് തുല്യവേതനം എന്ന് നിയമം ബാധകമാവുകയുള്ളൂ.

72 (3539) ലേബർ സ്കാഡുകളുടെ പ്രവർത്തനം.

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര ലേബർ സ്കാഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ഈ ലേബർ സ്കാഡുകൾ എത്ര പരിശോധനകൾ നടത്തിയെന്നും, തൊഴിൽനിയമം ലംഘിച്ച എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പിടിക്കപ്പെട്ടവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 ലേബർ സ്കാഡുകൾ

(ബി) ലേബർ സ്കാഡുകളുടെ പ്രവർത്തനം ആദ്യഘട്ടത്തിൽ നടത്തിയിരുന്നത് കശുവണ്ടിഫാക്ടറികളിൽ മാത്രമായിരുന്നു. മറ്റ് സ്ഥാപനങ്ങളിലെ പരിശോധനകൾക്ക് സ്കാഡ് രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചത് 20-1-98 മുതലാണ്. ഇതിൻപ്രകാരം 1998-ൽ ലേബർ സ്കാഡുകൾ 1,384 പരിശോധനകൾ നടത്തുകയും 1-1-1999 മുതൽ 1999 മെയ് മാസം വരെ 118 പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. (തൊഴിൽവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ വിവിധ പരിശോധനകളിലൂടെ തൊഴിൽനിയമം ലംഘിച്ചതിന്റെ പേരിൽ 1998-99 വർഷത്തിൽ 60,328 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) തൊഴിൽനിയമം ലംഘിക്കപ്പെട്ടതിന്റെ പേരിൽ പിടിക്കപ്പെട്ടവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുകയും, മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ സമർപ്പിക്കുകയും അതുവഴി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുകയും ചെയ്യുന്നു.

73 (3540) ലേബർ വെൽഫയർ ഓഫീസർമാർ

ശ്രീ. പി.ജെ. ജോയി :

ശ്രീ. എ.കെ. മണി :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എല്ലാ തോട്ടങ്ങളിലും ലേബർ വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരിൽ ചട്ടപ്രകാരമുള്ള യോഗ്യത സമ്പാദിച്ചിട്ടുള്ള എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി ചട്ടപ്രകാരം യോഗ്യത സമ്പാദിച്ചിട്ടുള്ള 73 വെൽഫെയർ ഓഫീസർമാർ വിവിധ പ്ലാന്റേഷനുകളിൽ പ്രവൃത്തി എടുത്തുവരുന്നു.

74 (3542) തിരുവനന്തപുരം ജില്ലയിൽ ലോക്കൗട്ട് ചെയ്തിട്ടുള്ള തേയിലത്തോട്ടങ്ങൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര തേയിലത്തോട്ടങ്ങൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly